മംഗളം
MANGALAM MALAYALAM NEWS

29 June 2023

# പാർലിമെന്റ് സമിതി സി.എം.എഫ്.ആർ.ഐ. സന്ദർശിച്ചു

കൊച്ചി: കൃഷി–മൃഗസംരക്ഷണ–ഭക്ഷ്യ സംസ്കരണ പാർലിമെന്റ് സ്ഥിരം സമിതി കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സി.എം. എഫ്.ആർ.ഐ.) സന്ദർശിച്ചു. കർണാടകയിലെ ബാഗൽകോട്ടിൽ നിന്നുള്ള ലോക്സഭാംഗം പി.സി. ഗഡ്ഢിഗൗഡർ അധ്യക്ഷനായ സമിതി സി.എം.എഫ്.ആർ.ഐ. ഡയറക്ടർ ഡോ. എ. ഗോപാലകൃഷ്ണനുമായും വകുപ്പ് മേധാവികളുമായും ചർച്ച നടത്തി. ആറ് എംപിമാരാണ് സംഘത്തിലുണ്ടായിരുന്നത്.

അധ്യക്ഷന് പുറമെ, ഡോ. അനിൽ സുഖ്ദിയോറാവു ബോണ്ടെ, മസ്താൻ റാവു ബീദ, രാംനാഥ് താക്കൂർ, ദേവേന്ദ്രസിങ്, റാമിലാബെൻ ബെച്ചാർഭായി ബാര എന്നീ എംപിമാരാണ് സംഘത്തിലുണ്ടായിരുന്നത്. കൂടാതെ, സെക്രട്ടറി ഉത്തംചന്ദ് ഭരദ്വാജ് ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥരും സംഘത്തെനൊപ്പമുണ്ടായിരുന്നു.